# കേസിന്റെ പേരിൽ പിരിവ്: സൂക്ഷിക്കണമെന്ന് നാളികേര ബോർഡ്

കൊച്ചി ● കേസ് നടത്താനായി പണം പിരിക്കാൻ ആഹ്വാനം ചെയ്ത് നാളികേര വികസന ബോർഡിൽ റജിസ്റ്റർ ചെയ്ത ഉൽപാദക സംഘങ്ങൾക്കു ചില സ്ഥാപനങ്ങൾ കത്തയക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതായി അധികൃതർ അറിയിച്ചു. എന്നാൽ, കേസ് നടത്താനായി ബോർഡ് ആരെയും ചുമതലപ്പെടുത്തിയിട്ടില്ലെന്നും വഞ്ചിതരാകരുതെന്നും ബോർഡ് അധികൃതർ അറിയിച്ചു.